പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2866 **29-10-2026-ൽ മറുപടിയ്ക്ക്**

പൊതുമരാമത്ത് റോഡുകളുടെ ഉന്നത നിലവാരം

ചോദ്യം ഉന്നയിച്ച അംഗങ്ങൾ

ശ്രീ. മനോജ് മൂത്തേടൻ

മറുപടി നൽകിയ മന്ത്രി

ശ്രീ. പി. കെ. ബഷീർ
(പൊതുമരാമത്ത് വകുപ്പ് മന്ത്രി)

(എ) സംസ്ഥാനത്തെ എല്ലാ പൊതുമരാമത്ത് റോഡുകളും ബി.എം. & ബി.സി.നിലവാരത്തിൽ ടാറിങ് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

മറുപടി: സംസ്ഥാനത്തെ എല്ലാ പൊതുമരാമത്ത് റോഡുകളും ഘട്ടം ഘട്ടമായി ബി.എം & ബി.സി നിലവാരത്തിലേക്ക് ഉയർത്തുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. നാളിതുവരെ 18,378.39 കി.മീ റോഡുകൾ ബി.എം. & ബി.സി. നിലവാരത്തിൽ നവീകരിച്ചിട്ടുണ്ട്. ഇത് സംസ്ഥാനത്തെ ആകെ പൊതുമരാമത്ത് റോഡ് ശൃംഖലയുടെ ഏകദേശം 62 ശതമാനമാണ്.

പൊതുമരാമത്ത് വകുപ്പ് ദേശീയപാതാ വിഭാഗത്തിന്റെ കീഴിലുള്ള ദേശീയപാതകൾ എല്ലാം ബി.എം. & ബി.സി. നിലവാരത്തിലുള്ളവയാണ്. കൂടാതെ, ദേശീയപാത വിഭാഗത്തിന് കീഴിൽ CRIF പദ്ധതിയിൽ ഉൾപ്പെടുത്തി സംസ്ഥാന പാതകളും (SH), പ്രധാന ജില്ലാ റോഡുകളും (MDR) ബി.എം. & ബി.സി. നിലവാരത്തിൽ നവീകരിക്കുന്ന പ്രവൃത്തികളും നടപ്പിലാക്കി വരുന്നു.

കെ.ആർ.എഫ്.ബി.-യുടെ കീഴിൽ നവീകരിച്ച റോഡുകളെല്ലാം ബി.എം. & ബി.സി. നിലവാരത്തിലുള്ളവയാണ്. ഭാവിയിൽ KRFB ഏറ്റെടുക്കുന്ന റോഡുകളുടെ നവീകരണ പ്രവർത്തനങ്ങളും ബി.എം. & ബി.സി. നിലവാരത്തിൽ തന്നെ നടപ്പിലാക്കുന്നതാണ്.

സെക്ഷൻ ഓഫീസർ